പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2096 — 13.06.2019 ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിലെ ആർദ്രം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി. ദേവസ്സി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) | ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ട്രോമകെയർ & സർജറി വാർഡിന് ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ട്രോമകെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാൻ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ചാലക്കുടി താലൂക്കാശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ട സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള കൂടുതൽ സൗകര്യങ്ങളും തസ്തികകളും അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ? | (ബി) | ചാലക്കുടി മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രി ചാലക്കുടി, ആർദ്രം പദ്ധതിയിൽ താലൂക്ക് ആശുപത്രി വിഭാഗത്തിലും, പി.എച്ച്.സി.പരിയാരം ആർദ്രം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. G.O(Ms)No.101/2017/H&FWD, dated 28.06.2017 പ്രകാരം ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 3 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ തസ്തികയും G.O.(Ms)No.136/2017/H&FWD, dated 23.06.2017, പ്രകാരം ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഇ.സി.ജി.ടെക്നീഷ്യൻ-1, ഡയാലിസിസ് ടെക്നീഷ്യൻ-2, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2-2, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1- 1, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>എഫ്.എച്ച്.സി.പരിയാരത്ത് G.O.(Ms)No.75/2017/H&FWD, dated 19.01.2017 പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സർക്കാർ ഉത്തരവ് നം.1548/18/ആ.ക.വ. തീയതി 08.05.2018 പ്രകാരം 1 ഫാർമസിസ്റ്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br>G.O.(Ms)No.113/2018/H&FWD, dated 16.06.2018 ഉത്തരവ് പ്രകാരം ആർദ്രം രണ്ടാം ഘട്ടത്തിൽ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കക്കാട് (കാതിക്കുടം), കൊടകര, മേലാറ്റൂർ, വെറ്റിലപ്പാറ, നാലുകെട്ട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്യുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ